# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2659 09.07.2015-ലെ മറുപടിക്ക്

## വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം - ശബരിമല പാതയിൽ വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ; ഇതിനായി എത്ര തുകയുടെ ഫണ്ടാണ് അനുവദിച്ചിരുന്നത്; | (എ), (ബി), (സി) & (ഡി) | മണ്ണാറക്കുളഞ്ഞി - ചാലക്കയം - ശബരിമല പാതയിൽ വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം നിർമ്മിക്കുവാനുള്ള പദ്ധതി ഉപേക്ഷിക്കുകയും നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുവാൻ വേണ്ട സാദ്ധ്യതാ പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ച് പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത നടപ്പാലം നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; | | |
| (സി) നടപ്പാത നിർമ്മാണം സാധ്യമല്ലെങ്കിൽ ശബരിമല പാതയിലെ തിരക്ക് കണക്കിലെടുത്ത് ഇവിടെ വീതി കുറഞ്ഞ പാലത്തിന്റെ ഭാഗത്ത് എന്തെങ്കിലും നിർമ്മാണം നടത്താൻ ആലോചനയുണ്ടോ; | | |
| (ഡി) നിലവിലുള്ള വീതി കുറഞ്ഞ പാലത്തിന്റെ സ്ഥാനത്ത് വീതികൂടിയ പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ